# മുട്ടത്തുവർക്കി



ചങ്ങനാശ്ശേരിയിലെ പ്രശസ്തമായ കല്ലുകുളം കുടുംബത്തിന്റെ ഒരു ശാഖയായ മുട്ടത്തു കുടുംബത്തിൽ മത്തായി അന്നമ്മ ദമ്പതികളുടെ ഒൻപതു മക്കളിൽ നാലാമനായി ജനിച്ചു. ഭാര്യ തങ്കമ്മ. മൂന്നു പെൺകുട്ടികളടക്കം ഒൻപതുമക്കൾ.

കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു ബാല്യം. വടക്കേക്കര സർക്കാർ സ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി ഹൈസ്കൂൾ എന്നിവിടങ്ങളിലായി പ്രാഥമിക വിദ്യാഭ്യാസം. അതിനിടെ പിതാവിൽ നിന്ന് തമിഴും, ഗുരുമുഖത്തുനിന്ന് സംസ്കൃതവും പഠിച്ചു. എസ്.ബി.കോളജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. നിയമം പഠിക്കാൻ തിരുവനന്തപുരത്തിനുപോയി; പൂർത്തിയാക്കിയില്ല. തിരികെ വന്ന് മുണ്ടക്കയത്ത് പൊട്ടംകുളം തടിഫാക്ടറിയിൽ ക്ലാർക്ക് ജോലി. എസ്.ബി.ഹൈസ്കൂളിൽ രണ്ടുവർഷം അദ്ധ്യാപകവൃത്തി.

എം.പി.പോളുമായുള്ള സുദൃഢബന്ധം വഴിത്തിരിവായി. പോളിന്റെ ചെറുകഥാമാസികയിൽ സഹകരിച്ചായിരുന്നു തുടക്കം. തുടർന്ന് എസ്.ബി.ഹൈസ്കൂളിലെ അദ്ധ്യാപനം ഉപേക്ഷിച്ച് കോട്ടയം പോൾസ് ട്യൂട്ടോറിയലിൽ അദ്ധ്യാപകനായി. അവിടെ നിന്നാണ് (1948) ദീപികയിലെത്തുന്നത്. ഇരുപത്താറുവർഷം ദീപികയുടെ പത്രാധിപ സമിതിയിൽ ജോലി നോക്കി. ഈ കാലയളവിലാണ് സാമാന്യ മലയാളിയുടെ വായാനാഭിരുചി മുട്ടത്തുവർക്കിയിലൂടെ ഉണരുന്നതും പുതിയ രൂപഭാവങ്ങൾ കൈക്കൊള്ളുന്നതും.

ആദ്യത്തെ കൃതി ഒരു ഖണ്ഡകാവ്യകാണ് - ആത്മാഞ്ജലി. അതിന്റെ അവതാരിക കുറിച്ച എം.പി.പോളാണ് വർക്കിയെ ഗദ്യ സാഹിത്യത്തിലേക്ക് തിരിച്ചുവിട്ടത്. 1953 - ൽ ഇറങ്ങിയ ‘ഇണപ്രാവുകൾ ’ എന്ന നോവലിലൂടെ മുട്ടത്തുവർക്കി ആസ്വാദനാഭിരുചിയുടെ ഒരു മഹാപ്രസ്ഥാനത്തിന് നാന്ദികുറിച്ചു. ‘പാടാത്ത പൈങ്കിളി’യും ‘കരകാണാക്കടലു’മൊക്കെ ഈ പ്രസ്ഥാനവികാസത്തിന് നിദാനമായിത്തീർന്നു. അക്ഷരങ്ങൾ നക്ഷത്രങ്ങളാണെന്ന സത്യം ഇന്നിന്റെ സാഹിത്യ നായകരെ ആദ്യം പഠിപ്പിച്ചതും മുട്ടത്തുവർക്കിയായിരുന്നു.

എന്നാൽ, നോവലിന്റെ പ്രചാരബാഹുല്യത്തിനിടയിൽ, നാടക രംഗത്ത് സജീവ സാന്നിദ്ധ്യമാവാൻ മുട്ടത്തുവർക്കിക്കു കഴിയാതിരുന്നത് നാടകപ്രേമികളെയാണ് നിരാശരാക്കിയത്. കെ.പി.എ.സി. ക്കു ബദലായി മദ്ധ്യ തിരുവിതാംകൂറിൽ രൂപം കൊണ്ട എ.സി.എ.സി (ആന്റി കമ്യൂണിസ്റ്റ് ആർട്സ് ക്ലബ്ബ്) എന്ന നാടകസംഘത്തിന് വേണ്ടി ഏതാനും നാടകങ്ങളെഴുതിയിട്ടുണ്ട്. വിമോചന സമരകാലയളവിൽ മുട്ടത്തുവർക്കിയുടെ ‘ഞങ്ങൾ വരുന്നു’ എന്ന നാടകം വഹിച്ച പങ്ക് ചരിത്രപശ്ചാത്തലത്തിൽ പഠിക്കപ്പെടാൻ വകയുള്ളതാണ്.

വർക്കിയുടെ മുപ്പത്തിയൊന്നു നോവലുകൾ സിനിമയായിട്ടുണ്ട്. ആസ്വാദകലക്ഷങ്ങളെ കീഴടക്കിയ ഹിറ്റ് ചിത്രങ്ങളായിരുന്നു മിക്കതും. സിനിമയാകാത്ത ’മുളംപാലം’ തിരക്കാഥാരൂപത്തിൽ അച്ചടിച്ചു. മലയാളത്തിൽ അച്ചടിക്കപ്പെട്ട രണ്ടാമത്തെ തിരക്കഥയാണിത് (ആദ്യത്തേത് എം.ടി. യുടെ ‘ഇരുട്ടിന്റെ ആത്മാവ്’).

മികച്ച ബാലസാഹിത്യകൃതിയായി കണക്കാക്കപ്പെടുന്ന ‘ഒരു കുടയും കുഞ്ഞുപെങ്ങളും’ 1967 - ൽ സ്കൂൾ പാഠപുസ്തകമായിരുന്നു (ആറാം ക്ലാസ്). ഈ കൃതി വിവിധ ഇന്ത്യൻ ഭാഷകളിലേക്കും

റഷ്യനിലേക്കും തർജ്ജമ ചെയ്യപ്പെട്ടതിനു പുറമെ ‘പാടാത്ത പൈങ്കിളി’ യും റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

മലയാള പത്രങ്ങളിൽ ‘നർമപംക്തികൾ’ പ്രത്യക്ഷപ്പെടുന്നതിന്റെ തുടക്കം വർക്കിയിൽ നിന്നാണ്. ദീപിക’ പത്രത്തിൽ ‘ജിൻ’ എന്ന തൂലികാനാമത്തിൽ അദ്ദേഹം എഴുതിയിരുന്ന ‘നേരും നേരമ്പോക്കും’ വർക്കിയിലെ നർമകുശലത വെളിപ്പെടുത്തുന്നു.

നോവലുകൾ, നാടകങ്ങൾ, ചെറുകഥാസമാഹാരങ്ങൾ, കവിത, നർമലേഖനങ്ങൾ, വിവർത്തനം, ജീവചരിത്രം, തിരക്കഥ എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ മേഖലകളിലായി 132 കൃതികൾ രചിക്കപ്പെട്ടതിൽ 112 എണ്ണം അച്ചടിക്കപ്പെട്ടു. പ്രിന്റ് ചെയ്യപ്പെടാത്ത ചില കൃതികളുടെ കൈയെഴുത്ത് പ്രതികൾ ഇനിയും മുട്ടത്തു ഭവനത്തിൽ അവശേഷിക്കുന്നുണ്ട്. ‘പാടാത്ത പൈങ്കിളി’യുടെയും ‘ഇണപ്രാവുകളു’ടെയും പദ്യരൂപവും ഇതിൽപെടും.

പ്രചുരപ്രചാരം സിദ്ധിച്ച മുട്ടത്തുവർക്കിയുടെ നോവലുകൾ എസ്.പി.സി.എസ്. അച്ചടിക്കാൻ വിസമ്മതിച്ച ചരിത്രമുണ്ട്. ഭരണ സമിതിക്കാരുടേതിനേക്കാൾ വായിക്കപ്പെടുന്നു, എന്നതത്രെ അവയ്ക്കുണ്ടായിരുന്ന ‘അയോഗ്യത’. എന്നാൽ അന്ന്, സെക്രട്ടറിയായിരുന്ന ഡി.സി.കിഴക്കേമുറി തന്നെ മുൻകൈയെടുത്ത്, ജെ.ജോൺസൺ (ഡി.സി.കിഴക്കേമുറിയുടെ സഹോദരൻ) മുതൽമുടക്കി, എൻ.ബി.എസ്. വിതരണത്തിനെടുത്ത്, വർക്കി കൃതികൾ വിറ്റഴിച്ചു; സംഘത്തിന് പുസ്തകവിൽപനയിലൂടെ വൻ ലാഭമാണ് അന്നുണ്ടായത്. ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി എന്നിവയടക്കം ജനപ്രചാരം നേടിയ നോവലുകളും കഥാസമാഹാരങ്ങളുമായി നാൽപതോളം പുസ്തകങ്ങളുടെ കോപ്പിറൈറ്റ് ഡി.സി.ബുക്സിനാണ്. അവശേഷിച്ച പുസ്തകങ്ങൾ 1983-84 കാലങ്ങളിൽ മുട്ടത്തുവർക്കി സ്വന്തമായി പണം മുടക്കി അച്ചടിച്ചു, വിതരണത്തിന് എൻ.ബി.എസ്. നെ ഏൽപിച്ചു. നല്ല വിൽപന ഉണ്ടായെങ്കിലും മുടക്കുമുതലിന്റെ പകുതി പോലും ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന് തിരിച്ചുകിട്ടുകയുണ്ടായില്ല.

ഒരു ഗാന്ധിഭക്തനായിരുന്നു മുട്ടത്തുവർക്കി. വാഴപ്പള്ളി പഞ്ചായത്ത് ഭരണസമിതിയിലേക്ക് മത്സരിച്ച് ജയിച്ചിട്ടുണ്ടെങ്കിലും മുട്ടത്തുവർക്കി സജീവരാഷ്ട്രീയത്തിൽ ഇടപെട്ടിട്ടില്ല. കേരള സാഹിത്യ അക്കാഡമിയുടെയും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെയും ഭരണ സമിതികളിൽ അംഗമായിരുന്നു. 1989 മെയ് 28 ന് അന്തരിച്ചു.

### കർമ്മകാണ്ഡം

### നോവലുകൾ

അക്കരപ്പച്ച, അക്ഷയപാത്രം, അവളെസൂക്ഷിക്കണം, അഴകുള്ള സെലീന, ആറാം പ്രമാണം, ഇതുമറക്കരുത്, ഇണപ്രാവുകൾ, ഇഷ്ടകാമുകി, ഈന്തത്തണൽ, എന്നെ നിനക്കിഷ്ടമാണോ, ഏതാണീ പെൺകുട്ടി, ഒരു കുടയും കുഞ്ഞുപെങ്ങളും, ഒരു ചുംബനം മാത്രം, കരകാണാക്കടൽ, കാണാൻ പോകുന്ന പൂരം, കാണാത്തതീരങ്ങൾ, കാലചക്രം, കാറ്റാടിമരങ്ങൾ, കിനാവിന്റെ ലോകത്തിൽ, ചട്ടമ്പിക്കവല, ജഗജില്ലി, ഞാൻ നിന്നെ പ്രേമിക്കുന്നു, ഡാലിയാപ്പൂക്കൾ, തണലില്ലാത്ത വഴി, തെക്കൻ കാറ്റ് , തുറക്കാത്ത ജാലകം, ത്യാഗഭൂമി, നാത്തൂൻ, നിലവിളക്ക്, നിലാവുള്ള രാത്രി, പച്ചനോട്ടുകൾ, പഞ്ചായത്തുവിളക്ക്, പട്ടുതൂവാല, പാടാത്തപൈങ്കിളി, പാവപ്പെട്ടവൾ, പിറവം റോഡ്, പുതിയ കോവിൽ, പൂ ചൂടിയവൾ, പൂന്തേനരുവി, പൊന്നുകൊണ്ടൊരാൾരൂപം, പ്രേമഭിക്ഷുകി, പ്രേമിക്കാത്തവൾ, പ്രിയമുള്ള സോഫിയ, ഫിഡിൽ, മധുരസ്വപ്നം, മനസ്സമ്മതം, മയക്കുമരുന്ന്, മയിലാടുംകുന്ന്, മറിയക്കുട്ടി, രണ്ടുകണ്ണുകൾ, രഹസ്യം, രാജവീഥി, രാത്രികളുടെ രാത്രി, ലോറാ നീ എവിടെ, ലൈൻബസ്, വളകിലുക്കം, വഴിതെറ്റിവന്ന മാലാഖ, വാഗ്ദത്തഭൂമി, വെളുത്ത കത്രീന, വേലി, സലോമി, സൗന്ദര്യപൂജ, സിൽക്ക് സാരി, സ്വയംവരകന്യക, സ്വർഗവും നരകവും, സ്വർഗസുന്ദരി, റോസമ്മയുടെ വീട്, ഹോട്ടൽ

## നാടകങ്ങൾ

ഞങ്ങൾ വരുന്നു, വിളക്കും കൊടുങ്കാറ്റും, ഒട്ടകവും സൂചിക്കുഴലും, കൂട്ടുകിണർ, പുതിയ മണ്ണ്, മാറ്റൊലി, സമരഭൂമി, വലിയ മുക്കുവൻ, ബംഗ്ലാദേശ്, ഫാദർ ഡാമിയൻ.

## ചെറുകഥാ സമാഹാരങ്ങൾ

അടയാളങ്ങൾ, അവസാനിക്കാത്ത രാത്രി, ഇരുളും വെളിച്ചവും, കല്യാണരാത്രി, കളിയോടം, കറുത്ത മറുക്, കൊയ്ത്ത്, നെയ്യാമ്പലുകൾ, മണിയറ, നൈലോൺ, മേഘങ്ങൾ, പളുങ്കുപാത്രങ്ങൾ, മഴക്കാറുകൾ, പൊട്ടാത്ത നൂലുകൾ, ഹേമന്തരാവിൽ, തിരഞ്ഞെടുത്ത കഥകൾ.

## ഖണ്ഡകാവ്യം

ആത്മാഞ്ജലി

## ഗദ്യകവിത

പ്രിയമുള്ളവളേ നിനക്കുവേണ്ടി

## നർമപംക്തി

നേരും നേരംപോക്കും

## ജീവചരിത്രം

ഫാദർ വില്യം, വിശുദ്ധപത്താം പിയൂസ്, മരിയാഗൊരേത്തി, ഡോൺബോസ്കോ

## തിരക്കഥ

മുളംപാലം

## വിവർത്തനങ്ങൾ

അക്ബർ, ഡോക്ടർ ഷിവാഗോ, ആൻഡോവിലെ പാലം, അണുയുഗം പിറന്നു, അണ്ടർ ഗ്രൗണ്ട്, കുരിശും കൊടുംകാറ്റും, താഴ് വരയിലെ വീട്, കൊടുങ്കാറ്റിലൂടെ, പടിഞ്ഞാറൻ കഥകൾ, രണ്ട് അമേരിക്കൻ നാടകങ്ങൾ, മായാത്ത കാൽപാടുകൾ, ബർസറേയുടെ പാട്ട്

## അച്ചടിക്കാത്ത കൃതികൾ

ഇണപ്രാവുകൾ (കവിത), പാടാത്ത പൈങ്കിളി (കവിത)